തിരഞ്ഞെടുപ്പു നടത്തിയെന്നുള്ളതു് ഇന്നത്തെ സാഹചര്യത്തിൽ അത്ഭുതപ്പെടേണ്ടതില്ല. പക്ഷെ അതിനു് എന്താണു് ഒരു പരിഹാരം എന്നുകണ്ടുപിടിച്ചു് ഗവണ്മെൻറു് ലവലിൽ ഒരു നടപടി എടുക്കുക സാദ്ധ്യമല്ല. പൊതുജനങ്ങളും, എല്ലാ രാഷ്ട്രീയകക്ഷികളും ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സാമുദായികമനോഭാവം വരാതിരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതാണു്. ബഹുമാനപ്പെട്ട മെമ്പറും മറ്റു മെമ്പറന്മാരും ആ നിലയിൽ പ്രവർത്തിക്കുമെന്നു് ഞാനാശിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഈ കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ എതിരില്ലാതെ തിരഞ്ഞെടുപ്പു നടത്തുന്ന വാർഡുകളിൽ പഞ്ചായത്തുകൾക്കു് പതിനായിരം രൂപ ഗവണ്മെൻറിൽനിന്നും പാരിതോഷികമായി കൊടുക്കുന്നതാണെന്ന പത്രത്തിൽ ഒരു വാർത്ത കാണുകയുണ്ടായി. ആ വാർത്തയിൽ പറയുന്ന കാര്യം ശരിയാണോ; അതു് ഗവണ്മെൻറു് അറിഞ്ഞുകൊണ്ടു് പ്രസിദ്ധം ചെയ്തിട്ടുള്ളതാണോ; എങ്കിൽ അതു് നിലവിൽ വരുത്തിയിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: കക്ഷിരഹിതമായ അടിസ്ഥാനത്തിൽ മത്സരം ഇല്ലാതെ തിരഞ്ഞെടുപ്പു നടത്തുന്ന വാർഡുകളുള്ള പഞ്ചായത്തുകൾക്കു്, അതിലെ പ്രസിഡണ്ടും വൈസ്പ്രസിഡണ്ടും മറ്റെല്ലാ തിരഞ്ഞെടുപ്പുകളും എതിരില്ലാതെ നടത്തുകയാണെങ്കിൽ ഒരു പാരിതോഷികം നൽകുന്ന കാര്യം ഗവണ്മെൻറിൽനിന്നും പരിഗണിക്കുവരുന്നതാണു്.

ഹരിജനക്ഷേമപ്രവർത്തനങ്ങൾക്കു നീക്കിവച്ച സംഖ്യ.

* 87. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കു് വേണ്ടി നീക്കിവെച്ച സംഖ്യ എത്ര;

(ബി) ഇതിൽ ചെലവായതെത്ര;

(സി) ഈ വർഷത്തിൽ നടത്തിയ ഹരിജനക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കാമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു)

(എ) 151·734 ലക്ഷം രൂപ.

(ബി) 1963 നവംബർ 30-ാം തീയതിവരെ 82·745 ലക്ഷം രൂപ ചെലവായി.

(സി) വിശദവിവരങ്ങളടങ്ങിയ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്†

ശ്രീ. പി. സി. ബാലകൃഷ്ണൻനമ്പ്യാർ: ഈ സ്റ്റോറിൽ ഷെഡ്യൂൾഡ് കൈബ്സിനു് ഒട്ടാകെ നീക്കിവച്ച സംഖ്യ എത്രയാണെന്നു വകതിരിച്ചു പറയാമോ; ഏറ്റവും കുറഞ്ഞ സംഖ്യ ചെലവഴിച്ചതു് ഏതു ജില്ലയിലാണെന്നു പറയാമോ?

ശ്രീ. കെ. കുഞ്ഞമ്പു: അതിനു പ്രത്യേകം നോട്ടീസായി ചോദിച്ചാലേ പറയുവാൻ നിവൃത്തിയുള്ളൂ.

നാഷണൽ ലോൺ സ്കോളർഷിപ്പു് സ്കീം

* 88. [3] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) നാഷണൽ ലോൺ സ്കോളർഷിപ്പു് സ്കീം അനുസരിച്ചു സഹായം നൽകുന്നതിനു വിദ്യാർത്ഥികളെ തിരഞ്ഞെടുത്തതു് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണു്;

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൃശ്ശൂർ എൻജിനീയറിംഗ് കോളേജിൽ പഠിക്കുന്ന സി. എൻ. ചന്ദ്രശേഖരൻ എന്ന വിദ്യാർത്ഥി സ്കോളർഷിപ്പിനു അപേക്ഷിച്ചിരുന്നോ;

(സി) ഈ വിദ്യാർത്ഥിക്കു് സ്കോളർഷിപ്പു് ലോണിനു യോഗ്യതയില്ലാതെ വന്നതു എന്തുകൊണ്ടാണു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 'മെരിറ്റു്—കം—മീൻസു്' അടിസ്ഥാനത്തിലാണു്, അപേക്ഷ അയക്കുന്നതിനു് തൊട്ടു മുൻപുണ്ടായ പബ്ലിക്കു് പരീക്ഷയിൽ കുറഞ്ഞപക്ഷം 60 ശതമാനം മാർക്കു് നേടിയിരിക്കണമെന്നും അപേക്ഷകന്റെ രക്ഷകർത്താവിനു് പ്രതിവർഷവരുമാനം 6000 രൂപയിൽ കവിയാൻ പാടില്ലെന്നും നിബന്ധനയുണ്ടു്.

(ബി) അപേക്ഷിച്ചിരുന്നു.

(സി) ഈ വിദ്യാർത്ഥി അപേക്ഷ അയക്കുന്ന സമയം എൻജിനീയറിംഗ് ഡിഗ്രി കോഴ്സിന്റെ രണ്ടാമത്തെ കൊല്ലമാണു് പഠിച്ചിരുന്നതു്. സ്കോളർഷിപ്പു് ചട്ടങ്ങളനുസരിച്ചു് കോഴ്സിന്റെ ആദ്യത്തെ കൊല്ലം മുതലാണു് സ്കോളർഷിപ്പു് കൊടുക്കുന്നതു്. ഒരു കോഴ്സിന്റെ ഇടയ്ക്കുവച്ചു് സ്കോളർഷിപ്പു് കൊടുക്കുവാൻ ചട്ടമില്ല.

ലോൺ സ്കോളർഷിപ്പുകൾ

* 89. [47] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ പഠിക്കുന്ന എത്ര വിദ്യാർത്ഥികൾക്കു് ലോൺ സ്കോളർഷിപ്പുകൾ നൽകി;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും എത്രവീതം;

(സി) ഏതെങ്കിലും സ്ഥാപനത്തിൽനിന്നു് യഥാസമയം അപേക്ഷകൾ എത്തിച്ചേരാഞ്ഞതുകൊണ്ടു് സ്കോളർഷിപ്പിനു യോഗ്യതയുള്ളവർക്കു് കൊടുക്കാൻ കഴിയാതെ വന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതുസ്ഥാപനം;

(ഇ) എത്രപേർക്കു് ആയതു ലഭിക്കാതെയായി?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 833 പേർക്കു് ഇക്കൊല്ലം താഴെപറയുന്ന രീതിയിൽ ലോൺ സ്കോളർഷിപ്പു് നൽകിയിട്ടുണ്ടു്.

(1)	പോസ്റ്റ്മെട്രിക്കു് പഠനത്തിനു്	—720
(2)	പോസ്റ്റു് ഇൻറർ പഠനത്തിനു്	—75
(3)	പോസ്റ്റു് ഗ്രാജുവേറ്റു് പഠനത്തിനു്	—38
	ആകെ	833

(ബി) സ്കോളർഷിപ്പു് നൽകുന്നതു് 'മെരിറ്റു്—കം—മീൻസു്', അടിസ്ഥാനത്തിൽ മാത്രമായതുകൊണ്ടു് വിദ്യാർത്ഥികൾ ഏതു ഡിസ്ട്രിക്റ്റിൽപ്പെട്ടവരാണെന്നുള്ള വിവരം ശേഖരിച്ചിട്ടില്ല.

(സി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly